(ജി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 29 ഗവേഷണ സ്ഥാപനങ്ങൾ കർഷകർക്ക് പരാമാവധി പ്രയോജനപ്പെടുന്ന തരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ആധുനികയുഗത്തിന് അനുസരണമായും നൂതന പ്രവണതകൾ ഉൾക്കൊണ്ടുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്.

വനങ്ങളുടെ പുനരുദ്ധാരണത്തിന് പുതിയ പദ്ധതി

17 (*377) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പി. രാഘവൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുന്ന വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യവനവൽക്കരണ പദ്ധതിപ്രകാരം വനങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനുവേണ്ടി ഇതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) നാശോന്മുഖമായ വനങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 'വനപ്രിയ', ''വനസ്പതിവന്നു'' എന്നിവയാണ് ഈ പദ്ധതികൾ.

(സി) ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഈ ആവശ്യത്തിനായി 1992-93 ൽ 3.69 കോടി രൂപ ചെലവായിട്ടുണ്ട്. സാമൂഹ്യവനവൽക്കരണപദ്ധതി 31.3.93-ൽ അവസാനിച്ചതിനാൽ പിന്നീട് ഈ പദ്ധതി അനുസരിച്ച് ഈ ആവശ്യത്തിനായി പണം ചെലവാക്കിയിട്ടില്ല.

(എഫ്) നൽകുന്നുണ്ട്.

നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ചുള്ള റിപ്പോർട്ട്

18 (*378) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതി വനനശീകരണത്തെക്കുറിച്ച് നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(സി) ഇവയിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിനു ലഭിക്കേണ്ട വനഭൂമി സ്വകാര്യ വ്യക്തിക ളിൽനിന്ന് വീണ്ടെടുക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം വനംവകുപ്പ് എന്നാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയമത്തിന് മന്ത്രിസഭ അംഗീകാരം നൽകിയി ട്ടുണ്ടോ;

(എഫ്) ഈ നിയമം നടപ്പിലാക്കുന്നതിലെ കാലതാമസംമൂലം പതിനാ യിരം ഏക്കർ വനഭൂമി സംസ്ഥാനത്തിന് നഷ്ടപ്പെട്ടിട്ടുള്ളതായി സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത വനഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും തിരികെ എടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ വനഭൂമി യിൽനിന്നും വിലപിടിപ്പുള്ള മരങ്ങൾ വെട്ടിവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി)&(സി) റിപ്പോർട്ടിലെ പ്രധാന ശുപാർശകളും അവയിൻമേൽ വനം വകുപ്പു സ്വീകരിച്ച നടപടികളും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(ഡി)&(ഇ) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്ന തിനായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ്)&(ജി) നിയമനിർമ്മാണ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ വിശദമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു.

(എച്ച്) സ്വകാര്യ വ്യക്തികൾ കൈവശമുള്ള വനഭൂമിയിൽനിന്ന് മര ങ്ങൾ വെട്ടിമാറ്റാതിരിക്കുവാൻ സെക്ഷൻ (5) നോട്ടിഫിക്കേഷൻ (കെ.പി.റ്റി. ആക്ട് 1986) പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം ലംഘിച്ച് മരംമുറി നടത്തിയി ട്ടുള്ളപ്പോൾ അവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് റെയിൽവേ വികസന നടപടികൾ

19 (*379) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പുതിയ ലൈൻ നിർമ്മിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നതായി

LIBRARY ARCHIVES Kerala Legislative Assembly